# ഗണിതം

## സ്റ്റാൻഡേർഡ് - I

## ഭാഗം - 2

കേരളസർക്കാർ
**വിദ്യാഭ്യാസവകുപ്പ്**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**
**2015**

JT-531/1 /Maths-1 (M) Vol-2

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

### ഗണിതം

ഭാഗം **2**

*Prepared by* State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram - 695 012, Kerala.
*Website* www.scert.kerala.gov.in *e-mail* scertkerala@gmail.com

*Typeset and design by* SCERT Computer Lab
First Edition : 2014, Reprint : 2015

© Government of Kerala • Department of Education • 2014

പ്രിയപ്പെട്ട കൂട്ടുകാരേ...

ഗണിതപഠനം ആസ്വാദ്യകരമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഈ പുസ്തകം തയാറാക്കിയിട്ടുള്ളത്.
കൂടുതലും അധ്യാപകരുടെ സഹായത്തോടെ ചെയ്യേണ്ട പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.
ചുറ്റുപാടുകളിൽനിന്നും അനുഭവങ്ങളിലൂടെയും നേടിയെടുക്കേണ്ട പ്രാഥമിക ഗണിതാശയങ്ങളാണ് പുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
കളികളിലൂടെയും നിരീക്ഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും അവ ആർജിക്കാൻ ശ്രമിക്കാം.

സ്നേഹത്തോടെ....


**ഡോ. എസ്. രവീന്ദ്രൻ നായർ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**അജീഷ്കുമാർ ടി.ബി.**
എച്ച്.എസ്.എ., ജി.എച്ച്.എസ്.
മന്നാംകണ്ടം, ഇടുക്കി

**കാർമലി പി.എ.**
എൽ.പി.എസ്.എ.
എച്ച്.എഫ്.എ.എസ്.ബി.എസ്.
കുമ്പള

**പി.പി. പ്രഭാകരൻ നായർ**
എച്ച്.എസ്.എ. (റിട്ട.)
പാലോറ ഹൈസ്കൂൾ,
കോഴിക്കോട്

**ബരീഷ് വി.പി.**
എ.എം.എൽ.പി.എസ്, ഫറോക്ക്
കോഴിക്കോട്

**മനോജ് ടി.എൻ**
എച്ച്.എസ്.എ., ജി.എം.എച്ച്.എസ്.
പാലക്കുഴ, എറണാകുളം

**കെ.ആർ. മുരളീധരൻ പിള്ള**
സീനിയർ ലക്ചറർ, ഡയറ്റ്, കൊല്ലം

**മുഹമ്മദ് അബ്ദുള്ള കെ.എം.**
ഗവ. ബോയ്സ് എച്ച്.എസ്.എസ്.
മഞ്ചേരി, മലപ്പുറം

**ശശിധരൻ വി.പി.**
പി.ഡി.ടീച്ചർ, ജി.എച്ച്.എസ്.എസ്.
രാവണേശ്വരം, കാസറഗോഡ്

**ശ്രീകുമാർ സി.ജി.**
പി.ഡി. ടീച്ചർ, ഗവ. കോ-ഓപ്പറേറ്റീവ്
എൽ.പി.എസ്, ഇരുംപനങ്ങാട്, കൊല്ലം

**ഹബീബ് റഹ്മാൻ**
എച്ച്.എസ്.എ., ജി.എച്ച്.എസ്, ഇരുമ്പുഴി
മലപ്പുറം

## വിദഗ്ധർ

**വേണുഗോപാൽ സി.**
അസി. പ്രൊഫസർ, ഗവ. കോളേജ് ഓഫ് ടീച്ചർ എജ്യൂക്കേഷൻ
തിരുവനന്തപുരം

**ഡോ. സണ്ണി ലൂക്കോസ്**
ഡെപ്യൂട്ടി ഡയറക്ടർ ഓഫ് കോളേജിയറ്റ് എജ്യൂക്കേഷൻ (റിട്ട.)
എറണാകുളം

## ചിത്രകാരന്മാർ

**അസീസ് കെ.എസ്.**
ഡി.ഇ.ഒ. ഓഫീസ്, മൂവാറ്റുപുഴ

**കുഞ്ഞിരാമൻ പി.സി.**
ഡയറ്റ്, എറണാകുളം

**ജിജീഷ് പി.ബി.**
ആർ.ഡി.ടി.ഇ, കോതമംഗലം

**രാകേഷ്**
നെയ്യാർഡാം, തിരുവനന്തപുരം

**ഹരികുമാർ കെ.ബി.**
കഴക്കൂട്ടം, തിരുവനന്തപുരം

**ഹരി ചാരുത**
നേമം, തിരുവനന്തപുരം

## അക്കാദമിക് കോഡിനേറ്റർമാർ

**സുജിത്കുമാർ. ജി**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

**ഡോ. ലിഡ്സൺ രാജ് ജെ.**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

## ഉള്ളടക്കം


6. പത്തുകളും ഞാനും ............ 78

7. കൂട്ടാം, കുറയ്ക്കാം ............. 94

8. രൂപഭംഗി ........................ 105

9. എന്തൊരു നീളം! ................ 111

10. രൂപയും പൈസയും ............ 119

11. സമയമായി ....................... 125

# 6 പത്തുകളും ഞാനും

കഥ കേൾക്കാം...









പണ്ടൊരു കാട്ടിൽ,
കഴിക്കാൻ ഒന്നും കിട്ടാതായി.
എന്തു ചെയ്യും?
കുഞ്ഞൻ ആനയും മിന്നു മുയലും
കൃഷി ചെയ്യാൻ തീരുമാനിച്ചു.

അങ്ങനെ,
മിന്നുവും കുഞ്ഞനും
വാഴ നട്ടു.






വരിവരിയായി വാഴ നട്ടു.
നിരനിരയായി വാഴ നട്ടു.



ഒരു വരിയിൽ എത്ര വാഴകളുണ്ട്?


[ ] വാഴകൾ



രണ്ടു വരികളിലും കൂടി എത്ര വാഴകൾ?

10 ഉം 10 ഉം
ഇരുപത് വാഴകൾ.

20 വാഴകൾ



മൂന്നാം വരിയിൽ വാഴകൾ എത്ര? [ ]

മൂന്നു വരികളിലും കൂടി

20 ഉം 10 ഉം മുപ്പത് വാഴകൾ. [30] വാഴകൾ



ഇപ്പോൾ വരികൾ എത്ര? [ ]

നാലു വരികളിലും കൂടി വാഴകൾ എത്ര?

[ ] ഉം [ ] ഉം നാൽപ്പത് വാഴകൾ.

[40] വാഴകൾ

അടുത്ത വരി കൂടി ചേർന്നാലോ?

[ ] വാഴകൾ


വാഴകൾ വലുതായി.
കുല വന്നു.
വലിയ കുലകൾ.







കൂട്ടുകാർ വന്നു.
കുഞ്ഞന് തോട്ടത്തിൽനിന്ന് പഴങ്ങൾ എത്തിച്ചു കൊടുക്കാം.



കുട്ടയിൽ എത്ര പഴങ്ങൾ? ☐

മറ്റു കൂട്ടുകാരും പഴങ്ങളുമായി വന്നു.

അണ്ണാൻ എത്ര പഴങ്ങൾ കൊണ്ടുവന്നു? ____



ഇപ്പോൾ എത്ര പഴം?

50 ഉം 10 ഉം അറുപത് പഴങ്ങൾ.



പഴങ്ങൾ 60



10 പഴങ്ങളുമായി മാനുമെത്തി.

ഇപ്പോൾ എത്ര പഴങ്ങൾ?

60 ഉം 10 ഉം എഴുപത് പഴങ്ങൾ.



പഴങ്ങൾ ____



ആട് 10 പഴങ്ങൾ കൊണ്ടുവന്നു.

ഇപ്പോൾ പഴങ്ങൾ എത്ര?

70 ഉം ____ ഉം എൺപത് പഴങ്ങൾ.



പഴങ്ങൾ ____

അവസാനം ആമയും 10 പഴങ്ങൾ കൊണ്ടുവന്നു.
ഇപ്പോൾ കുഞ്ഞന് എത്ര പഴങ്ങൾ കിട്ടി?



80 ഉം ☐ ഉം തൊണ്ണൂറ് പഴങ്ങൾ.



പഴങ്ങൾ ☐



കുഞ്ഞൻ പഴങ്ങൾ തിന്നു.
അവന് സന്തോഷമായി.

മിന്നു എല്ലാവരെയും കൂട്ടി
തോട്ടത്തിലേക്കു പോയി.




കൂട്ടുകാർക്കും
സന്തോഷമായി.

## എണ്ണം കണ്ടെത്തി എഴുതൂ

























### പട്ടം ആരുടെ? വരച്ചു ചേർക്കാം

പട്ടത്തിലെ പൊട്ടുകളുടെ എണ്ണമാണ് കുട്ടികളുടെ ഉടുപ്പിലെ സംഖ്യ.

പൊട്ടുകൾ എണ്ണിനോക്കി ചരടുമായി പട്ടങ്ങളെ ബന്ധിപ്പിക്കൂ.







വിട്ടുപോയവ പൂരിപ്പിക്കുക.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | | 30 | | | 60 | | | 90 |


**കണ്ടെത്താം**


 11  21



# വരിയായി നിൽക്കാം



വരിയിൽ പത്താമതാണ് അമ്മു.
അമ്മുവിനെ കണ്ടെത്തൂ.
പതിനെട്ടാമതാണ് വിനു.
വിനു പിറകിൽനിന്ന് എത്രാമനാണ്? ☐

## എണ്ണം എത്ര?




അവർ മഞ്ചാടി പത്തിന്റെ കൂട്ടങ്ങളാക്കി.

| | | | എണ്ണം |
|---|---|---|---|
| സുലു |  | (10) (10) (10) (4) | 34 |
| ഹരി |  | (10) (10) (6) | |
| ആമിന |  | (10) (10) (10) (10) (2) | |
| റാണി |  | (10) (10) (9) | |

ആർക്കാണ് ഏറ്റവും കൂടുതൽ മഞ്ചാടി കിട്ടിയത്? ☐

ഇവർക്ക് കിട്ടിയ മഞ്ചാടിയുടെ എണ്ണം വലുതിൽനിന്ന് ചെറുതിലേക്ക് ക്രമത്തിൽ എഴുതുക.

☐ ☐ ☐ ☐

## ഒഴിഞ്ഞ കളങ്ങൾ പൂർത്തിയാക്കാം

| + | 10 | 20 | 30 | 40 | 50 | 60 | 70 | 80 | 90 |
|---|---|---|---|---|---|---|---|---|---|
| 1 | 11 | 21 | | | | | | | |
| 2 | 12 | 22 | | | | | | | |
| 3 | 13 | 23 | | | | | | | |
| 4 | 14 | 24 | | | | | | | |
| 5 | 15 | 25 | | | | | | | |
| 6 | 16 | 26 | | | | | | | |
| 7 | 17 | 27 | | | | | | | |
| 8 | 18 | 28 | | | | | | | |
| 9 | 19 | 29 | | | | | | | |


38 നേക്കാൾ വലിയ സംഖ്യക്ക് വട്ടം വരയ്ക്കുക.

27 35 24 42 18

71 നേക്കാൾ ചെറിയ സംഖ്യക്ക് വട്ടം വരയ്ക്കുക.


96 84 53 80 99

## കളിക്കൂട്ടുകാർക്ക് ക്രമത്തിൽ നമ്പർ നൽകുക





## ആരാണ് ചിത്രത്തിൽ?

50 മുതൽ 78 വരെ കുത്തുകൾ ക്രമത്തിൽ യോജിപ്പിച്ചു നോക്കൂ.



## പാമ്പും കോണിയും

ഇനി നമുക്ക് പാമ്പും കോണിയും കളിക്കാം.



# 7 കൂട്ടാം, കുറയ്ക്കാം

അപ്പുവും അമ്മുവും ഉത്സവം കാണാൻ പോവുകയാണ്.


നടന്നു പോകുന്ന സീനയുടെ കാൽപ്പാടുകൾ പുഴക്കരയിൽ കണ്ടു.




**പൂരിപ്പിക്കുക**

| | | | | | |
|---|---|---|---|---|---|
| സീനയുടെ വലതുകാൽപ്പാടിലെ സംഖ്യകൾ | 1 | 3 | 5 | ◯ | ◯ |
| ഇടതുകാൽപ്പാടിലെ സംഖ്യകൾ | 2 | 4 | 6 | ◯ | ◯ |

## പഞ്ചായത്ത് ഗ്രാമോത്സവം




പടികളുടെ എണ്ണം വട്ടത്തിനുള്ളിൽ എഴുതിയിരിക്കുന്നു. വിട്ടുപോയവ പൂരിപ്പിക്കുക.

17-ാമത്തെ പടിയിലായിരുന്നു ചുണ്ടൻ എലി.
ശബ്ദം കേട്ട് അവൻ മുകളിലേക്ക് ഓടി.
ഓടിയത് ഇങ്ങനെ...

17 19 21 23 ◯ ◯




ചുണ്ടൻ എലി ഓടുന്നതു കണ്ട് 25-ാമത്തെ പടിയിൽ നിന്ന് ചിണ്ടൻ തവളയും മുകളിലേക്ക് ചാടി.
ചിണ്ടൻ ചാടിയത് ഇങ്ങനെ...

25 30 35 ◯ ◯





ശരി ഉത്തരം എഴുതി പെട്ടിയിലിടൂ.

| | | | | | |
|---|---|---|---|---|---|
| 78 | 80 | 82 | ☐ | ☐ | ☐ |
| 40 | 50 | ☐ | ☐ | 80 | 90 |
| ☐ | ☐ | ☐ | 20 | 25 | 30 |

നിങ്ങളും ശരി ഉത്തരം എഴുതിനോക്കൂ.


## ഉത്സവപ്പറമ്പിലെ കാഴ്ചകൾ




അമ്മു രണ്ട് ഓറഞ്ച് എടുത്തു.
കുട്ടയിൽ ബാക്കി എത്ര ഓറഞ്ച്?

$8 - 2 = \square$








പെട്ടിയുടെ വെളിയിൽ എത്ര കപ്പ് ഉണ്ട്?

പെട്ടി നിറയാൻ എത്ര കപ്പ് കൂടി വേണം?

പെട്ടി നിറച്ചാൽ വെളിയിൽ എത്ര കപ്പുകൾ കാണും?

9 - 7 =




അമ്മിണിയുടെ ഇടതു കൈയിൽ 8 വളകൾ.

മേശപ്പുറത്ത് 6 വളകൾ.

ആകെ എത്ര വളകൾ?

ഉം ഉം ചേർന്നാൽ


വളകൾ.

മേശപ്പുറത്തുള്ള എത്ര വളകൾ കൂടി ഇട്ടാൽ അമ്മിണിയുടെ കൈയിൽ 10 വളകൾ ആകും.

അമ്മിണി 2 വളകളെടുത്താൽ മേശപ്പുറത്ത് ബാക്കി എത്ര വള കൾ?

കൈയിലും മേശപ്പുറത്തും കൂടി ആകെ എത്ര വളകൾ?

ഉത്സവപ്പറമ്പിൽനിന്ന് അവർ പോയത് മേരിയുടെ വീട്ടിലേക്കാണ്.









## തട്ടിൽ വയ്ക്കാം




കറുമ്പിയുടെ പാൽക്കുപ്പികൾ മേരിയുടെ അമ്മ തട്ടിൽ വച്ചു. തട്ടിൽ എത്ര കളം ബാക്കി? ☐

വെളുമ്പിയുടെ എത്ര പാൽക്കുപ്പികൾ വച്ചാൽ തട്ടിൽ 10 കുപ്പികൾ ആകും? ☐

തട്ട് നിറഞ്ഞാൽ ബാക്കി എത്ര കുപ്പികൾ? ☐

ആകെ $10 + 2 = \square$

$7 + 5 = \square$

## കോഴിയമ്മ അടയിരുന്നു

അടയിരിക്കുന്ന കോഴിയുടെ അടുത്തേക്ക് മേരി അവരെ കൊണ്ടു പോയി.




വിരിയാത്ത മുട്ടകൾ എത്ര? ☐

15 നേക്കാൾ എത്ര കൂടുതലാണ് 20? ☐

## കരിക്കിന്റെ കണക്ക്



കുട്ടയിൽ എത്ര കരിക്ക് ഉണ്ട്? ☐

പുറത്തോ? ☐

ആകെ എത്ര കരിക്ക്?

8 + 3 = ☐

8 + 2 = ☐

10 + ☐ = ☐



## കണക്കാക്കാം



ആകെ കസേരകൾ എത്ര?

8 + 9 = ☐

8 + ☐ = ☐

10 + ☐ = ☐



എത്ര മെഴുകുതിരികൾ?

5 + 8 = ☐

☐ + ☐ = ☐

10 + ☐ = ☐


## ബാക്കി എത്ര?

ചിത്രം നോക്കൂ.

എത്ര കമ്പ് മാറ്റി? ☐

ബാക്കി എത്ര? ☐

10 – ☐ = ☐



## ഉത്തരം പറയാമോ?

- താരയുടെ കൈയിൽ 12 മുത്തുകൾ ഉണ്ട്. 5 മുത്തുകൾ കൂടി കിട്ടിയാൽ താരയുടെ കൈയിൽ എത്ര മുത്തുകൾ ആകും?
- മനുവിന്റെ കൈയിൽ 15 മിഠായികൾ ഉണ്ട്. അതിൽ 3 എണ്ണം അനുവിനു നൽകി. ഇപ്പോൾ മനുവിന്റെ കൈയിലെ മിഠായികൾ എത്ര?

## സംഖ്യകൾ കൊണ്ടൊരു കളി

അനു നാല് സംഖ്യകൾ കാർഡുകളിൽ ഇങ്ങനെ എഴുതി.

| | | | |
|---|---|---|---|
| 8 | 9 | 10 | 11 |

വിനു കാർഡുകൾ ഇങ്ങനെ അടുക്കി വച്ചു.

| | |
|---|---|
| 8 | 9 |
| 10 | 11 |

എതിർ മൂലകളിലെ സംഖ്യകൾ കൂട്ടി നോക്കാം.

10 + 9 = ☐

11 + 8 = ☐

ഇതുപോലെ 4, 8, 12, 16 എന്നീ സംഖ്യകൾ കളങ്ങളിൽ എഴുതൂ.

| | |
|---|---|
| | |
| | |

എതിർ മൂലകളിലെ സംഖ്യകൾ കൂട്ടി നോക്കൂ.

☐ + ☐ = ☐

☐ + ☐ = ☐

ഇതിൽ വിട്ടുപോയ സംഖ്യ ഏത്?

| | |
|---|---|
| 7 | 3 |
| 10 | |

എങ്ങനെ കിട്ടി?




## ഒന്ന് രണ്ട് മൂന്ന്

ഒന്നാകും ഞാനൊറ്റയ്ക്കിരുന്നാൽ

രണ്ടാകും അമ്മയും ഞാനുമായാൽ

മൂന്നാകും അച്ഛനും ചേർന്നുനിന്നാൽ



നാലാകും ചേച്ചിയും കൂടിയായാൽ

അഞ്ചാകും ചേട്ടനുമൊത്തുനിന്നാൽ

ആറാകും എൻ പാവ കൂടിയായാൽ

ഏഴാകുമെൻ നായ്ക്കിടാവു ചേർന്നാൽ



എട്ടാകുമെൻ പൂച്ച കൂടിയായാൽ

ഒമ്പതാമെന്റെ കുഞ്ഞാടു ചേർന്നാൽ

പത്താമതിൻ തള്ളയാടുമൊത്താൽ


കവി : *എം. പി. അപ്പൻ*









## പൂരിപ്പിക്കുക








## കിരീടം ഒരുക്കാം




ഒഴിഞ്ഞ കളങ്ങളിൽ ശരിയായ സംഖ്യകൾ എഴുതൂ?

# 8 രൂപഭംഗി



മാമ്പഴം ഒക്കെ – ഉരുണ്ടിട്ട്
ഇലകൾ കണ്ടോ – പരന്നിട്ട്
പശുവിനെ നോക്കൂ – തടിച്ചിട്ട്
പാമ്പ് ഒരു കേമൻ – നീണ്ടിട്ട്
ആകൃതി ഇങ്ങനെ എന്തൊക്കെ?
ചുറ്റിലും ഉള്ളത് കണ്ടെത്തൂ!

ചിത്രത്തിൽ എന്തൊക്കെയുണ്ട്?

---------------------

---------------------

---------------------


---------------------

## പലഹാരം പലരൂപം

അനു പലഹാരങ്ങൾ തരംതിരിക്കുകയാണ്.


ഒരേ ആകൃതിയിലുള്ളവ അതേ ആകൃതിയിലുള്ള പാത്രത്തിൽ വയ്ക്കണം.

വരച്ച് യോജിപ്പിക്കുക.





## ചിത്രത്തിന് നിറം നൽകൂ

അനുവും വിനുവും ചിത്രം വരച്ചത് നോക്കൂ.



ഈ ആകൃതികൾക്ക് ഇതേ നിറം കൊടുത്ത് പൂർത്തിയാക്കൂ.







## നിറം നൽകുക

അനുവും വിനുവും വരച്ച ചിത്രങ്ങൾക്ക് നിറം കൊടുക്കൂ.

അനു വരച്ചത്




വിനു വരച്ചത്





ആര് വരച്ച ചിത്രമാണ് കൂടുതൽ ഇഷ്ടമായത്?

## വരച്ചുചേർക്കാം

ചിത്രത്തിൽ വരയ്ക്കാൻ വിട്ടുപോയത് വരച്ചു ചേർക്കുക.








ചിത്രങ്ങൾക്ക് യോജിച്ച നിറം നൽകുക.

## നിങ്ങൾക്കും വരയ്ക്കാം


അനു ചിത്രം വരയ്ക്കുകയാണ്.

അനുവിനോടൊപ്പം നിങ്ങളും വരച്ചുനോക്കൂ.








അയ്യോ....
ഓടിക്കോ!!

9

# എന്തൊരു നീളം!


മീലുവും വാലനും കൂട്ടുകാരാണ്.
അവർ ആഹാരം തേടി ഇറങ്ങി.


മീലുവും വാലനും തർക്കമായി.
എനിക്ക് കിട്ടിയതാണ് നീളമുള്ള കാരറ്റ്.
അല്ല, എന്റേതാണ്.



എന്താണ്
തർക്കം?
എന്റേതല്ലേ
നീളം കൂടിയ
കാരറ്റ്?
ഞാൻ
നോക്കട്ടെ!


ഇതാണല്ലോ നീളം കൂടിയത്.
ഞാൻ രണ്ടും ഒരേ നീളമാക്കി തരാം.
എന്തു രുചി!
? ?

## ചെറുതേത്?

താരയും മനുവും സ്കൂളിലേക്കുള്ള സാധനങ്ങൾ എടുത്തുവച്ചു.


നീളം കുറഞ്ഞ സാധനങ്ങൾക്ക് ചുറ്റും വട്ടം വരയ്ക്കുക.



## ഏതെടുക്കും?



കുപ്പിയിലെ പഞ്ചസാര എടുക്കാൻ ഏത് സ്പൂൺ ഉപയോഗിക്കും? ✓ ഇടുക.



എന്തുകൊണ്ട്?


## ഏറ്റവും വലുത്

നിങ്ങളുടെ ക്ലാസിലെ കുട്ടികളിൽ നീളം കൂടിയ പെൻസിൽ ആരുടേതാണ് എന്ന് കണ്ടെത്തൂ.





## ക്രമീകരിക്കാം

ചിത്രത്തിൽ ഓരോ കൂട്ടവും പരിശോധിച്ച് ഏറ്റവും ചെറുതിന് 1, അതിനേക്കാൾ വലുതിന് 2, ഏറ്റവും വലുതിന് 3 എന്ന് നമ്പർ നൽകുക.



നീളം കുറഞ്ഞ കയർ ആരുടേത് ? ✓ ഇടുക.






## കണ്ടെത്താം

- നിങ്ങളുടെ കൈയിലെ ഏറ്റവും നീളം കൂടിയ വിരൽ ഏത്?
- നിങ്ങളുടെ കൂട്ടുകാരിൽ ഏറ്റവും നീളത്തിൽ ചാടുന്നത് ആര്?
- ക്ലാസിലെ മേശയ്ക്കാണോ ബോർഡിനാണോ നീളം കൂടുതൽ?



## കളിവണ്ടി ഉണ്ടാക്കാം

5 മച്ചിങ്ങ വേണം.
ഒരേ നീളത്തിൽ
8 ഈർക്കിലും പിന്നെ ഒരു ചരടും.



ചിത്രത്തിലേതുപോലെ
മച്ചിങ്ങയിൽ ഈർക്കിൽ കുത്തി
വണ്ടി ഉണ്ടാക്കാം.





# 10 രൂപയും പൈസയും


അടുക്കളയിലേക്ക് സാധനങ്ങൾ വേണം.
നമുക്ക് ചന്തയിൽ പോകാം.പേഴ്സ് എടുത്തോളൂ.
ഞങ്ങളും വരുന്നു
മാലയും വളയും വാങ്ങാനുള്ള പൈസ എന്റെ കൈയിലുണ്ട്.
സമ്പാദ്യപ്പെട്ടി തുറക്കേണ്ടി വരും.
ഒരു ബലൂണിന് 3 രൂപ. രണ്ട് ബലൂണിനോ?

## സമ്പാദ്യപ്പെട്ടി തുറന്നപ്പോൾ





## നാണയങ്ങൾ തരംതിരിക്കാം





തരംതിരിച്ച നാണയങ്ങൾ ഏവ?



ഈ നാണയം ഏത്?








## പറയാമോ?

എല്ലാ നോട്ടുകളിലും കാണുന്ന ചിത്രം ആരുടേതാണ്?

എല്ലാ നോട്ടുകൾക്കും ഒരേ വലുപ്പം ആണോ?

## വില കാണാം




ഒരു ബലൂണിന്റെ വില .................... രൂപ

ഒരു പീപ്പിയുടെ വില .................... രൂപ

വിനുവിന് ഒരു ബലൂണും ഒരു പീപ്പിയും വാങ്ങാൻ ആകെ എത്ര രൂപ കൊടുക്കണം? ..........................

ഏതെല്ലാം നാണയങ്ങൾ കൊടുക്കണം?

ചിത്രത്തിൽ ✓ ഇടുക.



## ആകെ എത്ര?




ഒരു മാലയുടെ വില ............ രൂപ

ഒരു വളയുടെ വില ............ രൂപ

ആകെ വില = ............ + ............ = ............ രൂപ

## ആർക്കാണ് കൂടുതൽ?







അനുവിന്റെ കൈയിൽ ഉള്ളത് [ ] രൂപ

വിനുവിന്റെ കൈയിൽ ഉള്ളത് [ ] രൂപ

ശരി ഏത്? ✓ ഇടുക.

അനുവിന് കൂടുതൽ. [ ]

വിനുവിന് കൂടുതൽ. [ ]

രണ്ടു പേർക്കും തുല്യം. [ ]

## ആകെ എത്ര?

10 + 10 + 10 = ☐

5 + 5 + 5 = ☐

2 + 2 + 1 = ☐

# 11 സമയമായി

കോഴി കൂകി.
കിളികൾ ചിലച്ചു.
നേരം പുലർന്നു.



## സമയം

ശരിയേത്? ✓ ഇടുക.




നിങ്ങൾ ഉറങ്ങാൻ കിടന്നത്

രാത്രി ☐ പകൽ ☐

നിങ്ങൾ ഉണർന്നത്

രാവിലെ ☐ ഉച്ചയ്ക്ക് ☐ വൈകിട്ട് ☐



### ഞാനാര്?

കിഴക്കുകാണാം കാലത്ത്
തലയ്ക്കു മീതെ ഉച്ചയ്ക്ക്
കടലിൽ താഴും വൈകിട്ട്
ശരിക്കു പറയൂ ഞാനാര്?

*– കവി : ആനന്ദക്കുട്ടൻ*

നിങ്ങൾ സ്കൂളിൽ പോയത്

രാവിലെ ☐ വൈകിട്ട് ☐

ഏതിനാണ് കൂടുതൽ സമയം വേണ്ടത്?

✓ ഇടുക.
















ക്രമത്തിൽ എഴുതുക:

ആദ്യം, പിന്നീട്, അവസാനം





അനു ചെയ്യുന്നത് എന്തെല്ലാമാണ്?
സംഖ്യകൾ എഴുതി ക്രമത്തിലാക്കുക.













## സമയമേത്?

| | |
|---|---|
| സ്കൂളിൽ പോകുന്നത്. | രാവിലെ |
| സൂര്യൻ അസ്തമിക്കുന്നത്. | |
| പക്ഷികൾ കൂട്ടിൽ പോകുന്നത്. | |
| പത്രം വീട്ടിലെത്തുന്നത്. | |
| സ്കൂൾ വിടുന്നത്. | |
| ഊണ് കഴിക്കുന്നത്. | |

## നമുക്ക് കണ്ടെത്താം

ഒരു ആഴ്ചയിൽ
എത്ര ദിവസങ്ങൾ?

ആദ്യത്തെ ദിവസം
ഏത്?

അവസാനത്തെ
ദിവസം ഏത്?

ഞായർ തിങ്കൾ ചൊവ്വ ബുധൻ
പിന്നെ വ്യാഴം വെള്ളി ശനി
ആഴ്ചയ്ക്കു ദിവസങ്ങൾ ഏഴാണേ
മുറ തെറ്റാതെ പറഞ്ഞോളൂ.

ആഴ്ചയിലെ ഏഴ്
ദിവസവും ക്രമമായി
എഴുതുക.

## വിനുവിന്റെ ഒരാഴ്ച



ഞായർ


തിങ്കൾ


ചൊവ്വ


ബുധൻ


വ്യാഴം


വെള്ളി


ശനി

കഴിഞ്ഞ ആഴ്ചയിൽ ഓരോ ദിവസവും നിങ്ങൾ ചെയ്ത ഒരു പ്രധാന കാര്യം വീതം എഴുതുക.

ഞായർ ------------------------------------

തിങ്കൾ ------------------------------------

ചൊവ്വ ------------------------------------

ബുധൻ ------------------------------------

വ്യാഴം ------------------------------------

വെള്ളി ------------------------------------

ശനി ------------------------------------



സ്കൂളിന് അവധി വരുന്ന ദിവസങ്ങൾ ഏതെല്ലാം?

തിങ്കളിനും ബുധനും ഇടയ്ക്കു വരുന്ന ദിവസം ഏത്?

## പൂരിപ്പിക്കുക

| | | |
|---|---|---|
| ഇന്ന് | തിങ്കൾ | അനുവിന് സ്കൂളിൽ പോകണം. |
| നാളെ | | വായനശാലയിൽ പോകണം. |
| മറ്റന്നാൾ | | സ്കൂളിൽ അസംബ്ലിയുണ്ട്. |
| ഇന്നലെ | | സ്കൂൾ അവധിയായിരുന്നു. |

## കലണ്ടർ







ഒരു കലണ്ടറിൽ ഉള്ള മാസങ്ങൾ ക്രമത്തിൽ എഴുതുക.

| | | | |
|---|---|---|---|
| | | | |
| | | | |
| | | | |

## ആരൊക്കെ... ഏതൊക്കെ?

ഓരോ പൂവിലും ഓരോ മാസത്തിന്റെ പേരെഴുതുക. നിങ്ങളുടെ കൂട്ടുകാർ ജനിച്ച മാസം കണ്ടെത്തി ആ പൂവിൽ അവരുടെ പേരും എഴുതുക.






## ദിവസങ്ങൾ


തിങ്കളാഴ്ച കാലത്തേ
ഒരു തേൻമാമ്പഴം വീണുകിട്ടി

ചൊവ്വാഴ്ച കാലത്തേ
രണ്ടു തേൻമാമ്പഴം വീണുകിട്ടി

ബുധനാഴ്ച കാലത്തേ
മൂന്നു തേൻമാമ്പഴം വീണുകിട്ടി

വ്യാഴാഴ്ച കാലത്തേ
നാലു തേൻമാമ്പഴം വീണുകിട്ടി




വെള്ളിയാഴ്ച കാലത്തേ
അഞ്ചു തേൻമാമ്പഴം വീണുകിട്ടി

ശനിയാഴ്ച കാലത്തേ
ആറു തേൻമാമ്പഴം വീണുകിട്ടി

ഞായറാഴ്ച കാലത്തേ
ഏഴു തേൻമാമ്പഴം വീണുകിട്ടി

എല്ലാം കൂടിയെനിക്കാകെ
എത്ര തേൻമാമ്പഴം വീണുകിട്ടി?

*കവി: ചെമ്മനം ചാക്കോ*



# ഏതു മാസത്തിൽ കണ്ടെത്താം



സ്കൂൾ തുറന്നത്



സ്വാതന്ത്ര്യദിനം



ഗാന്ധിജയന്തി



ശിശുദിനം



അധ്യാപകദിനം



റിപ്പബ്ലിക് ദിനം